MONDAY

17.06.2024

തിങ്കളാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR     Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/06/2024

1. കേരള കർഷകതൊഴിലാളി ക്ഷേമനിധി ബോർഡ് തിരുവനന്തപുരം ജില്ലയിലെ വില്ലേജ് സിറ്റിങ്ങുകൾ 2024 ജൂൺ 29 വരെ വിവിധ സ്ഥലങ്ങളിൽ നടക്കും. 18 മുതൽ 55 വയസ്സ് വരെ പ്രായമുള്ളവർക്ക് പുതിയതായി അംഗത്വം എടുക്കാനും, അംഗങ്ങൾക്ക് അംശദായം അടയ്ക്കാനുമുള്ള അവസരം വില്ലേജ് സിറ്റിങ്ങിൽ ഉണ്ടാകും. രാവിലെ 10 മണി മുതൽ ആരംഭിക്കുന്ന സിറ്റിങ്ങിൽ പുതുതായി അംഗത്വം എടുക്കുന്നവർ ആധാർ, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്, രേഖകളിൽ മേൽവിലാസം വ്യത്യാസം ഉണ്ടങ്കിൽ വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ്, യൂണിയൻ സർട്ടിഫിക്കറ്റ്, 2 പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം പങ്കെടുക്കണമെന്ന് ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യൂട്ടിവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ -0471 2729175, 8075649049.

2. വെള്ളായണി കാർഷിക കോളേജിലെ അനിമൽ ഹസ്ബൻഡറി വിഭാഗത്തിന് കീഴിലുള്ള പൗൾട്ടറി ഫാമിൽ നിന്നും അത്യുല്പാദന ശേഷിയുള്ള BV -380 ഇനത്തിൽപെട്ട ഒന്ന് മുതൽ രണ്ട് മാസം വരെ പ്രായം ഉള്ള മുട്ടക്കോഴി കുഞ്ഞുങ്ങൾ കുറഞ്ഞൊന്നിന് 180 രൂപ എന്ന നിരക്കിൽ വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. കോഴിക്കുഞ്ഞുങ്ങളെ വാങ്ങാൻ താല്പര്യം ഉള്ളവർ അനിമൽ ഹസ്ബൻഡറി വിഭാഗത്തിൽ നേരിട്ടോ, 9645314843 എന്ന ഫോൺ നമ്പരിലോ, അനിമൽ ഹസ്ബൻഡറി വിഭാഗം, കാർഷിക കോളേജ്, വെള്ളായണി, തിരുവനന്തപുരം -695522 എന്ന വിലാസത്തിലോ രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെയുള്ള സമയത്ത് ബന്ധപ്പെടാവുന്നതാണ്.

3. വിദ്യാതീരം പദ്ധതി അപേക്ഷ ക്ഷണിച്ചു. വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി നടപ്പിലാക്കുന്ന

വിവിധ പരിശീലന പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ്, സിവിൽ സർവ്വീസ്, ഐ.ഐ.ടി/ എൻ.ഐ.ടി എന്നീ മത്സര പരീക്ഷകൾക്കുള്ള പരിശീലനങ്ങൾക്കാണ് അപേക്ഷ ക്ഷണിച്ചത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം. പരിശീലന ചെലവ് സർക്കാർ വഹിക്കും. അപേക്ഷാ ഫോറവും വിശദവിവരങ്ങളും തൃശ്ശൂർ ജില്ലയിലെ മത്സ്യഭവനുകളിൽ നിന്ന് ലഭിക്കും. പൂരിപ്പിച്ച അപേക്ഷഫോറം ജൂൺ 20 നകം മത്സ്യഭവനുകളിൽ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0487 2441132 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാലയുടെ വെള്ളാനിക്കരയിലെ കൊക്കോ ഗവേഷണ കേന്ദ്രത്തിൽ പ്രോജക്റ്റ് അസിസ്റ്റൻറ് തസ്തികയിലെ നാല് ഒഴിവുകളിലേക്കായി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്താൻ തീരുമാനിച്ചിരിക്കുന്നു. ബോട്ടണി, പ്ലാൻറ് ബ്രീഡിങ് മൈക്രോ ബയോളജി, പ്ലാൻറ് ബയോ ടെക്നോളജി, കമ്മ്യൂണിറ്റി സയൻസ് എന്നിവയിലുള്ള ബിരുദാനന്തര ബിരുദമാണ് യോഗ്യത. സർട്ടിഫിക്കറ്റ് അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം ജൂൺ 19ന് രാവിലെ 9.30ന് കൊക്കോ ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ അഭിമുഖത്തിന് എത്തിച്ചേരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 -2438451, വെബ്സൈറ്റ് www.kau.in സന്ദർശിക്കുക.

5. **കാർഷിക നിർദ്ദേശം - വാഴയിലെ കുഴിപ്പുള്ളി രോഗം** - ഓണ വിപണി ലക്ഷ്യമാക്കിയുള്ള നേന്ത്രവാഴയിൽ കുല വരുന്ന സമയമാണ്. വർഷക്കാലത്ത് നേന്ത്രക്കുലകളുടെ കായ മൂപ്പെത്തുന്നതോടെയാണ് കുഴിപ്പുള്ളി അല്ലെങ്കിൽ പിറ്റിങ് രോഗം കണ്ടുവരുന്നത്. കായകളുടെ അഗ്രഭാഗത്തായി തൊലിപ്പുറത്ത് സൂചിമുനകളുടെ വലുപ്പത്തിലുള്ള ചെറിയ തവിട്ടുപുള്ളികൾ രൂപപ്പെടുന്നു, തുടർന്ന് അവ വലുതായി

വലുപ്പത്തിലുള്ള കുഴികളായി മാറും ഈ കുഴികൾക്ക് ചുറ്റും പർപ്പിൾ നിറത്തിലുള്ള വലയങ്ങൾ കാണാം. രോഗം മൂർച്ഛിക്കുന്നതനുസരിച്ച് ഇത്തരം കുഴികൾ പരസ്പരം കൂടിചേർന്ന് വാഴപ്പഴത്തിൻറെ തൊലി കുമിൾബാധ മൂലം കരിഞ്ഞുപോവുകയും ചെയ്യുന്നു.രോഗം അകത്തേക്ക് ബാധിക്കാതെ തൊലിപ്പുറത്തുമാത്രം കാണുന്നതിനാൽ ഉള്ളിലെ കാമ്പിന് കാര്യമായ ദോഷം സംഭവിക്കുന്നില്ല. ഇത്തരം പുള്ളികുത്തുകളും അവ ഉ□ാക്കുന്ന കരിച്ചിലുകളും കുലകളുടെ വിപണിമൂല്യം ഗണ്യമായി കുറയ്ക്കും മൂപ്പ് കൂടിയതിനുശേഷവും കുല തോട്ടത്തിൽ നിർത്തുകയാണെങ്കിൽ കായീച്ചയും, പഴയീച്ചയും കായ്കളിൽ മുട്ട ഇടുകയും മുട്ടവിരിഞ്ഞ് ഇറങ്ങുന്ന പുഴുക്കൾ കാമ്പിനുള്ളിൽ വളരുകയും ചെയ്യുന്നു. ഇത്തരം പുഴുക്കുത്തേറ്റ കായ്കളിൽ തൊലിപ്പുറമെ ചെറിയ സുഷിരങ്ങൾ കാണാം. തുടർന്ന് ഇത്തരം പഴങ്ങൾ ഭഷ്യയോഗ്യമല്ലാതായിത്തീരും. രോഗം പ്രധാനമായും കായ്കളെയാണ് ബാധിക്കുന്നതെങ്കിലും, ടിഷ്യൂ കൾച്ചർ വാഴതൈകൾ , വാഴപ്പോള , ഇല, ഇലത്തണ്ട്, കുലത്തണ്ട് എന്നിവിടങ്ങളിൽ നിന്നും രോഗകാരിയായ കുമിളിൻറെ സാന്നിധ്യം തിരിച്ചറിഞ്ഞിട്ടുണ്ട് രോഗകാരിയായ കുമിളിന് അനുയേജ്യമായ കാലാവസ്ഥയാണ് ജൂൺ മുതൽ സെപ്തംബർ വരെയുള്ള സമയം. ആയതിനാൽ രോഗം വരാതിരിക്കാനും, വ്യപിക്കാതിരിക്കാനുമുള്ള മുൻകരുതലുകൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്.

നിയന്ത്രണ മാർഗ്ഗങ്ങൾ

ഉണങ്ങിയ ഇലകൾ മുറിച്ചുമാറ്റി തോട്ടം വൃത്തിയായി സൂക്ഷിക്കുക.

പോളിഎത്തിലീൻ കവർ / പ്ളാസ്റ്റിക് ചാക്ക് ഉപയോഗിച്ച് കുലകൾ പൊതിയുക.

ഉണങ്ങിയ ഇലകൾ ഉപയോഗിച്ച് കുലകൾ പൊതിയാതിരിക്കുക.

കായ്കളിലെ രോഗബാധയ്ക്ക് രോഗാരംഭത്തിൽ തന്നെ സമ്പർക്ക കുമിൾ നാശിനികളായ മാങ്കോസെമ്പ് അല്ലെങ്കിൽ കോപ്പർ ഓക്സിക്ളോറൈഡ് 3 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ എന്ന

തോതിലോ, അന്തർ വ്യാപന ശേഷിയുള്ള കുമിൾ നാശിനിയായ കാർബെൻറാസിം 1 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചുകൊടുക്കുന്നതിലൂടെ രോഗ വ്യാപനം തടയാം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം